**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** | **07-02-2023 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പുതിയ പട്ടയങ്ങൾ അനുവദിച്ചു എന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം 14 ജില്ലകളിലായി 54535 പുതിയ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | ആലപ്പുഴ | 635 |
| 4 | പത്തനംതിട്ട | 373 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6738 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | **ആകെ** | **54535** |

| | | | |
|---|---|---|---|
| (ബി) | ഒരോ പ്രദേശത്തെയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ച് സമയബന്ധിതമായി പട്ടയം അനുവദിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ച് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് പട്ടയം ഡാഷ് ബോർഡ് എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും പട്ടയം നൽകുന്നതിലെ പ്രശ്നങ്ങൾ ഈ വെബ് പോർട്ടലിൽ രേഖപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇവ കൃത്യമായി വിലയിരുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | ലാൻറ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പട്ടയ മിഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ഭാഗമായി സുനാമി പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുള്ള വീട്/ഫ്ളാറ്റ് , മത്സ്യത്തൊഴിലാളി കോളനികൾ, മറ്റ് കോളനികൾ തുടങ്ങിയവയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ലാൻഡ് ട്രിബ്യൂണലിൽ നിരവധി വർഷങ്ങളായി അപേക്ഷകൾ കെട്ടിക്കിടക്കുന്നതിനാൽ മലയോര മേഖലകളിലെ കുടിയേറ്റക്കാർക്ക് പട്ടയം ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ മിക്കവാറും എല്ലാ ലാൻഡ് ട്രൈബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷിച്ചാൽ (രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും അർഹതയുള്ള പക്ഷവും) ഉടൻ തന്നെ പട്ടയം നൽകാൻ ഇപ്പോൾ പട്ടയ മിഷനിലൂടെ കഴിയുന്നുണ്ട്. എല്ലാ ട്രൈബ്യൂണലുകളിലും 2022, 2023 – ലെ അപേക്ഷകൾ പരിഗണിച്ച് ഇപ്പോൾ പട്ടയം നല്കി വരുന്നുണ്ട്.<br><br>ലാൻഡ് ട്രൈബ്യൂണലുകളിൽ വർഷങ്ങൾക്ക് മുൻപ് ആളുകൾ നല്കിയ അപേക്ഷകൾ ഉണ്ട്. നിരവധി നോട്ടീസുകൾ അയച്ചിട്ടും ഈ കക്ഷികൾ ഹാജരാകുന്നില്ല എന്ന് ഭൂരിഭാഗം ലാൻഡ് ട്രൈബ്യൂണലുകളും അറിയിച്ചിട്ടുണ്ട്. അപേക്ഷ നൽകിയ വ്യക്തികൾ വിചാരണയ്ക്ക് ഹാജരാകാത്തതും രേഖകൾ ഹാജരാക്കാത്തതുമാണ് അപേക്ഷകൾ കെട്ടിക്കിടക്കാൻ കാരണം. ഈ അപേക്ഷകർ എന്നെങ്കിലും വരുമ്പോൾ പരിഗണിക്കാം എന്നു കരുതിയാണ് ഒഴിവാക്കാത്തത്. ഇക്കാരണത്താലാണ് ധാരാളം അപേക്ഷകൾ നിലവിലുള്ളതായി കാണുന്നത്. നിലവിൽ ലാൻഡ് ട്രൈബ്യൂണലിൽ ഹാജരാകുന്ന മുഴുവൻ വ്യക്തികൾക്കും അപ്പോൾ തന്നെ പട്ടയം നൽകാൻ കഴിയുന്നുണ്ട്. ആയതിനാൽ ആവശ്യക്കാർക്ക് യാതൊരു കാലതാമസവും ഇപ്പോൾ ഉണ്ടാകാത്തതരത്തിൽ ലാൻഡ് ട്രൈബ്യൂണൽ പ്രവർത്തനങ്ങൾ സുശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ